# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T 3919</u>      <u>26.06.2013 ൽ മറുപടിക്ക്</u>

**<u>സൗജന്യ ചികിൽസയും പെൻഷൻ പദ്ധതിയും</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.എഫ്. തോമസ്<br>ശ്രീ. റ്റി.യു. കുരുവിള<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ.തോമസ് ഉണ്ണിയാടൻ | | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | അൻപത് വയസ്സിനു മുകളിൽ പ്രായമുള്ള മുഴുവൻ പാവപ്പെട്ടവർക്കും സൗജന്യ ചികിൽസാ പദ്ധതി നടപ്പാക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | (എ) | സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും എത്തുന്ന രോഗികൾക്ക് സൗജന്യമായാണ് ചികിൽസ നൽകി വരുന്നത്. പ്രായഭേദമോ ഐ.പി. /ഒ.പി എന്നോ എ.പി.എൽ /ബി.പി.എൽ എന്നോ വ്യത്യാസമില്ലാതെ മുഴുവൻ രോഗികൾക്കും ജനറിക് മരുന്നുകൾ സൗജന്യമായി നൽകുന്നുണ്ട്. |
| (ബി) | കാൻസർ പോലെയുള്ള മാരക രോഗങ്ങൾ ബാധിച്ച പാവപ്പെട്ട രോഗികൾക്ക് കുറഞ്ഞത് 5,000/- രൂപായെങ്കിലും പ്രതിമാസ പെൻഷൻ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ബി) | നിലവിൽ കാൻസർ രോഗികൾക്ക് പ്രതിമാസം 525/- രൂപ പെൻഷനായി നൽകി വരുന്നു,. 2013-2014 ബഡ്ജറ്റിൽ കാൻസർ, കുഷ്ഠം, ക്ഷയം രോഗികൾക്കുള്ള പ്രതിമാസപെൻഷൻ 800/- രൂപയായി വർദ്ധിപ്പിക്കുന്നതായി പ്രഖ്യാപിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ